## നിർദ്ദേശങ്ങൾ

നാടിന്റെ ജീവനാഡീകളാണ് പുഴകൾ. ജില്ലയിലെ ഭൂരിഭാഗം ജനങ്ങളും കുടിവെള്ളത്തിനും കാർഷികാവശ്യത്തിനും മറ്റും പുഴകളെയാണ് ആശ്രയിക്കുന്നത്. പുഴകളിൽ നിന്നുള്ള അമിതമായ മണൽ ചൂഷണം മൂലം ജലസ്രോതസ്സുകളായ പല പുഴകളും വറ്റി വരണ്ടു കൊണ്ടിരിക്കുകയാണ്. നമ്മുടെ ഭാവി തലമുറയെ ബാധിച്ചേക്കാവുന്ന അതിഭീകരമായ പാരിസ്ഥിതിക പ്രശ്നമായി മാറികൊണ്ടിരിക്കുകയാണ്. ഒരിടത്ത് അമിതമായ മണൽ വാരലും മറു ഭാഗത്ത് സാധാരണ ജനങ്ങൾക്ക് ന്യായമായ വിലയിൽ മണൽ ലഭിക്കുന്നില്ല എന്ന പരാതിയും വ്യാപകമായിരിക്കുകയാണ്. ഇതിന് ഒരു പരിധി വരെ പരിഹാരം കാണുന്നതിനും ജില്ലയിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് വളരെ സുതാര്യമായ രീതിയിൽ മണൽ ലഭ്യത ഉറപ്പ് വരുത്തുന്നതിനും ഇ- മണൽ സംവിധാനം കണ്ണൂർ ജില്ലയിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

സാധാരണ ജനങ്ങൾക്ക് ന്യായമായ വിലയിൽ മണൽ ലഭിക്കുന്നതിന് ഈ സംവിധാനം മൂലം സാധ്യമാകും. കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ വിജയകരമായി നടപ്പാക്കിയ ഈ പദ്ധതി കണ്ണൂർ ജില്ലയിലും നടപ്പിലാക്കാൻ ജില്ലാ ഭരണകൂടം തീരുമാനിച്ചിരിക്കുകയാണ്. ഇതിന്റെ ഭാഗമായി 28.06.2012ന് ചേർന്ന റിവർ മാനേജ്മെന്റ് ജില്ലാ തല വിദ്ഗ്ദ സമിതി ഈ വിഷയം ചർച്ച ചെയ്യുകയും എത്രയും പെട്ടെന്ന് ഇതു നടപ്പിലാക്കുന്നതു സംബന്ധിച്ച് തീരുമാനം എടുക്കുകയും ചെയ്തിട്ടുണ്ട്. ഇതിനെ കുറിച്ച് പഠിക്കാനും മനസ്സിലാക്കാനും ഒരു സംഘം കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ സന്ദർശനം നടത്തുകയും ഒരു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനെ തുടർന്ന് കടവുകൾ ഉൾക്കൊള്ളുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർ, പ്രസിഡണ്ട്/ചെയർ പേഴ്സൻ, ബാങ്ക് മാനേജർമാർ തൊഴിലാളി സംഘടന പ്രതിനിധികൾ, അക്ഷയ അസിസ്റ്റന്റ് കോർഡിനേറ്റർ തുടങ്ങിയവരുമായി ചർച്ച നടത്തുകയും പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ച് അവരുടെ പൂർണ്ണ സഹകരണം ഉറപ്പ് വരുത്തുകയും ചെയ്തിട്ടുണ്ട്.

റവന്യൂ തദ്ദേശ സ്വയംഭരണം, ജിയോളജി, ഇറിഗേഷൻ വകുപ്പുകളുടെ സംയുക്ത സംരഭമാണ് ഈ പദ്ധതി. ഇതിനുവേണ്ട സാങ്കേതിക സഹായം നൽകുന്നത് നാഷണൽ ഇൻഫർമറ്റിക്സ് സെന്ററാണ്.

പൊതു സേവന കേന്ദ്രങ്ങളായ അക്ഷയ കേന്ദ്രങ്ങൾ വഴിയാണ് മണൽ ആവശ്യമുളളവർ അപേക്ഷിക്കേണ്ടത്. ജില്ലയിലെ വിവിധ കേന്ദ്രങ്ങളിലായി സ്ഥാപിച്ചിട്ടുളള 8 കൗണ്ടറുകളിൽ കൂടി ഗുണഭോക്താവിന് പണമടച്ച് മണൽ പാസ് കൈപ്പറ്റുന്നതിന് സൗകര്യം ഒരുക്കിയിട്ടുണ്ട്.

<u>മണൽ ലഭിക്കുന്നതിനുളള നടപടിക്രമം</u>

1. അപേക്ഷഫാറം **http://kannur.gov.in** എന്ന വെബ് സൈറ്ററിലും അക്ഷയ കേന്ദ്രങ്ങളിലും ലഭ്യമാണ്.

2. കൃത്യമായി പൂരിപ്പിച്ച അപേക്ഷകൾ കെട്ടിടത്തിന്റെ അംഗീകരിച്ച പ്ലാൻ, ഇലക്ഷൻ ഐഡിന്റിറ്റി കാർഡിന്റെയും, റേഷൻ കാർഡിന്റെയും, ഭുനികുതി റസിറ്റിന്റെയും അസ്സലും പകർപ്പും സഹിതം കെട്ടിടം നിർമ്മിക്കുന്ന പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി മുമ്പാകെ സമർപ്പിക്കണം. ബിൽഡിംഗ് റൂൾ അനുസരിച്ച് അംഗീകൃത പ്ലാൻ ആവശ്യമില്ലാത്ത പഞ്ചായത്തുകളിൽ വെളള കടലാസിൽ അപേക്ഷകൻ സ്വയം വരച്ച പ്ലാൻ ഹാജരാക്കിയാൽ മതി. സ്വന്തമായി ഇലക്ഷൻ ഐ.ഡി കാർഡ് ഇല്ലാത്തവർക്ക് അടുത്ത ബന്ധുവിന്റെ കാർഡ് ഉപയോഗിക്കാവുന്നതാണ്. എന്നാൽ ഒരു ഇലക്ഷൻ ഐ.ഡി കാർഡ് ഉപയോഗിച്ച് ഒരു തവണ മാത്രമെ റജിസ്റ്റർ ചെയ്യാൻ സാധിക്കുകയുളളൂ. ടോക്കൻ അനുവദിക്കുന്ന വിവരം അറിയുന്നതിനായി അപേക്ഷകന്റെ ഫോണൻ നമ്പർ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം. പ്രോസസ്സിംഗ് ചാർജ്ജായി അപേക്ഷകനിൽ നിന്നും 5 രൂപ ഈടാക്കുന്നതാണ്.

3. ഗ്രാമ പഞ്ചായത്ത്/മുൻസിപ്പൽ സെക്രട്ടറിമാർ പരിശോധിച്ച് ശുപാർശ രേഖപ്പെടുത്തിയ അപേക്ഷകൾ, അപേക്ഷകർ അക്ഷയ കേന്ദ്രങ്ങളിൽ ഹാജരാക്കണം. ഹാജരാക്കിയ അപേക്ഷകൾ റജിസ്റ്റർ ചെയ്ത് ബുക്കിംഗ് നമ്പർ, ഒപ്പ്, സീൽ എന്നിവ രേഖപ്പെടുത്തി അപേക്ഷ ഫാറവും

രശീതിയും അപേക്ഷകന് തിരികെ നൽകണം. ഇതിന്റെ പ്രോസസ്സിംഗ് ചാർജ്ജായി ആദ്യ തവണ 20 രൂപയും പിന്നീടുള്ള ഒരോ ബുക്കിംഗിനും 15 രൂപ വീതം അക്ഷയ കേന്ദ്രങ്ങൾ ഈടാക്കുന്നതാണ്.

4. മണൽ ലഭ്യത അനുസരിച്ച് മുൻഗണാനടിസ്ഥാനത്തിൽ അക്ഷയ കേന്ദ്രങ്ങളിൽ നിന്നും ഫോൺ മുഖേന അറിയിപ്പ് ലഭിക്കുന്ന മുറയക്ക് അപേക്ഷകർ അതാത് അക്ഷയ കേന്ദ്രങ്ങളിൽ എത്തി ടോക്കൺ കൈപ്പറ്റണം. ടോക്കൺ അനുവദിച്ച അപേക്ഷകരുടെ പട്ടിക http://kannur.gov.in എന്ന വെബ്സൈറ്റിലും സമയാസമയങ്ങളിൽ ലഭ്യമാക്കുന്നതാണ്.

5. ടോക്കണിൽ രേഖപ്പെടുത്തിയ ദിവസം തന്നെ അപേക്ഷകൻ നിർദ്ദിഷ്ട കൗണ്ടറിൽ ഹാജരായി പണമടച്ച് മണൽ പാസ് കൈപ്പറ്റേണ്ടതാണ്. അല്ലാത്തപക്ഷം ടിയാന്റെ അവസരം നഷ്ടപ്പെടുന്നതാണ്. കൗണ്ടറിൽ ഹാജരാകുന്ന സമയത്ത് അപേക്ഷകൻ അക്ഷയ കേന്ദ്രത്തിൽ നിന്നു നൽകിയ ടോക്കൺ, റജിസ്റ്റർ നമ്പർ രേഖപ്പെടുത്തിയ അപേക്ഷഫോറം കെട്ടിടത്തിന്റെ പ്ലാൻ, റേഷൻകാർഡ്, ഇലക്ഷൻ ഐ.ഡി കാർഡ് എന്നിവ ഹാജരാക്കേണ്ടതാണ്. പ്രോസസ്സിംഗ് ചാർജ്ജായി 30 രൂപ കൂടി മണൽ വിലയുടെ കൂടെ ഈടാക്കുന്നതാണ്.

6. മണലിന്റെ ലഭ്യത അനുസരിച്ച് മണൽ എടുക്കുന്ന കടവും തീയ്യതിയും ഉപഭോക്താവിന് കൗണ്ടറിൽ നിന്നും തിരരഞ്ഞടുക്കാവുന്നതാണ്.

7. പാസ് ലഭിച്ച അപേക്ഷകർ പ്രസ്തുത പാസ്സിൽ രേഖപ്പെടുത്തിയ തീയ്യതിയിൽ തന്നെ കടവിൽ എത്തി മണൽ കൈപ്പറ്റേണ്ടതാണ്. അല്ലാത്തപക്ഷം ഒടുക്കിയ പണവും മണൽ ലഭിക്കുന്നതിനുള്ള അവസരവും നഷ്ടമാവുന്നതാണ്. നേരിട്ട് ഹാജാരാവുന്നതിന് നിവൃത്തി ഇല്ലാത്ത പക്ഷം അപേക്ഷകന് അടുത്ത ബന്ധുവിനെ ചുമതലപ്പെടുത്താവുന്നതാണ്. ഒരു അലോട്ട്മെന്റിൽ 10 ടൺ വീതം പരാമാവധി 60 ടൺ മണൽ ആണ് ഒരു പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അനുവദിക്കുന്നത്. ഒരു പ്രാവശ്യം മണൽ ലഭിച്ചു കഴിഞ്ഞാൽ അടുത്ത അലോട്ട്മെന്റിന് ടിയാൻ തന്റെ കൺസ്യൂമർ നമ്പർ

വീണ്ടും അക്ഷയ കേന്ദ്രത്തിൽ റജിസ്റ്റർ ചെയ്യണം. മുഴുവൻ അലോട്ട്മെന്റും ലഭിക്കുന്നതുവരെ ഈ രീതി തുടരേണ്ടാതണ്. നിലവിലുള്ള കെട്ടിടത്തിൽ അറ്റകുറ്റപണി നടത്തുന്നതിന് ഒരു വർഷത്തിൽ പരാമാവാധി **10** ടൺ മണൽ അനുവദിക്കുന്നതാണ്.

8. ഏതെങ്കിലും കാരണങ്ങളാൽ പാസ്സുമായി കടവിൽ വരുന്നവർക്ക് മണൽ നൽകുവാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ അവർക്ക് മണൽ നൽകുവാൻ എല്ലാ മാസത്തിലെയും ഒന്നോ രണ്ടോ ദിവസം റിസർവ് ദിനങ്ങളായി ഉണ്ടായിരിക്കും.

9. നിലവിൽ മണലിനായി ബുക്ക് ചെയ്ത് കാത്തിരിക്കുന്നവർക്ക് **11.08.2012** വരെ നിലവിലുണ്ടായിരുന്ന രിതി പ്രകാരം മണൽ നൽകാവുന്നതാണ്. . പ്രസ്തുത തീയ്യതിക്കുള്ളിൽ മണൽ ലഭിക്കുവാൻ സാധ്യത ഇല്ലാത്തവരോട് പുതിയ സംവിധാനത്തിലേക്ക് മാറി അപേക്ഷ സമർപ്പിക്കുവാൻ നിർദ്ദേശിക്കേണ്ടതാണ്.

10. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും മറ്റ് സർക്കാർ നേരിട്ട് നടത്തുന്ന നിർമ്മാണ പ്രവർത്തങ്ങൾക്കുമായി **10%** മണൽ അതാത് പഞ്ചായത്തിന്റെ നിയന്ത്രണത്തിന് വിധേയമായി അനുവദിച്ചിട്ടുണ്ട് ആയാതിനുള്ള മുൻഗണന ക്രമം തദ്ദേശസ്വയംഭരണ സ്ഥാപനം തീരുമാനിക്കേണ്ടതാണ്.

<u>പണമടക്കുന്നതിനുള്ള കൗണ്ടറുകൾ</u>

| | |
|---|---|
| കണ്ണൂർ താലൂക്ക് ഓഫീസ്-1 | കണ്ണൂർ താലൂക്ക് |
| കണ്ണൂർ താലൂക്ക് ഓഫീസ്-2 | |
| തളിപ്പറമ്പ് താലൂക്ക് ഓഫീസ് | തളിപ്പറമ്പ് താലൂക്ക് |
| പയ്യന്നൂർ പഴയ പോലീസ് സർക്കിൾ ഓഫീസ് | |
| ഇരിക്കൂർ വില്ലേജ് ഓഫീസ് | |
| തലശ്ശേരി താലൂക്ക് ഓഫീസ് | തലശ്ശേരി താലൂക്ക് |
| ഇരിട്ടി ബോള്ക്ക് ഓഫീസ് | |
| കൂത്തുപറമ്പ് ബോള്ക്ക് ഓഫീസ് | |